"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്-തൃക്കാക്കര നഗരസഭയുടെ 27.07.2022-ലെ 35-ാം നമ്പർ കൗൺസിൽ തീരുമാനം നിർത്തിവച്ചു കൊണ്ടും പ്രസ്തുത തീരുമാനം ഓംബുഡ്സ്മാന്റെ പരിഗണനയ്ക്കായി അയച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2972/2022/LSGD തീയതി,തിരുവനന്തപുരം, 02-12-2022

---

പരാമർശം:-

1. 27.07.2022 തൃക്കാക്കര നഗരസഭാ കൗൺസിൽ തീരുമാനം നം. 35.
2. തൃക്കാക്കര നഗരസഭാ സെക്രട്ടറിയുടെ 10.08.2022 തീയതിയിലെ സി1-108/2021 നമ്പർ കത്ത്.
3. കൊച്ചി നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടറുടെ ജി2/3496/2022 നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

2000-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം ലൈസൻസുകളുടെ പുതുക്കൽ, ലൈസൻസികളെ പുനരധിവസിപ്പിക്കൽ, എന്നിവ ഒഴികെയുള്ള വില്പന, പാട്ടത്തിന് നൽകൽ, വാടകയ്ക്ക് കൊടുക്കൽ എന്നിവ മുഖേന മുനിസിപ്പാലിറ്റികളുടെ വസ്തു കൈമാറ്റങ്ങൾ പരസ്യ ലേലം വഴിയോ ടെൻഡർ മുഖേനെയോ ആയിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കാക്കനാട് ഷോപ്പിംഗ് കോംപ്ലക്സിലെ മുറി പ്രസ്സ് ക്ലബിന് അനുവദിക്കുവാൻ ഈ ചട്ടങ്ങൾ പാലിക്കാതെ നഗരസഭാ കൗൺസിൽ പരാമർശം (1) പ്രകാരം തീരുമാനം എടുക്കുകയുണ്ടായി. പ്രസ്തുത ചട്ടവിരുദ്ധമായ തീരുമാനത്തിന്മേൽ വിയോജനം അറിയിച്ചുകൊണ്ട് തൃക്കാക്കര നഗരസഭാ സെക്രട്ടറി പരാമർശം (2) പ്രകാരം സർക്കാരിൽ കത്ത് സമർപ്പിക്കുകയുണ്ടായി. നഗരസഭാ സെക്രട്ടറിയുടെ വിശദീകരണങ്ങളും ഫയലും പരിശോധിച്ചതിൽ തൃക്കാക്കര നഗരസഭ കടമുറി വാടകക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് 27.7.2022-ലെ തൃക്കാക്കര നഗരസഭാ കൗൺസിലിന്റെ 35-ാം നമ്പർ തീരുമാനത്തിന്മേൽ അപാകതകൾ കാണുന്നതായി കൊച്ചി നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ പരാമർശം (3) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃക്കാക്കര നഗരസഭയുടെ 27.07.2022-ലെ 35-ാം നമ്പർ കൗൺസിൽ തീരുമാനം കേരള മുനിസിപ്പാലിറ്റി ആക്ട് ചട്ടം 57 (4) പ്രകാരം തൽക്കാലത്തേയ്ക്ക് നിർത്തി വച്ചുകൊണ്ടും കേരള മുനിസിപ്പാലിറ്റി ആക്ട് ചട്ടം 57 (2) (1)-ാം ഉപവകുപ്പ് പ്രകാരം പ്രസ്തുത തീരുമാനം ബഹു. ഓംബുഡ്സ്മാന്റെ പരിഗണനയ്ക്കായി അയച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJEEVAN A P
ഡെപ്യൂട്ടിസെക്രട്ടറി

PTO

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള ഓംബുഡ്സ്മാന്റെ കാര്യാലയം, സാഫല്യം കോംപ്ലക്സ്, പാളയം, തിരുവനന്തപുരം (ആമുഖ കത്തും അനുബന്ധ രേഖകളും സഹിതം).
2. നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊച്ചി-31.
3.ചെയർമാൻ, തൃക്കാക്കര നഗരസഭ, എറണാകുളം ജില്ല.
4. സെക്രട്ടറി, തൃക്കാക്കര നഗരസഭ,എറണാകുളം ജില്ല.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് I/ഓഡിറ്റ്II), കേരള, തിരുവനന്തപുരം.
6. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
7. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (തസ്വഭവ-ആർ സി 2/224/2022-തസ്വഭവ)

ഉത്തരവിൻ പ്രകാരം

**Signed by Pradeesh M**
**Date: 02-12-2022 10:49:20**

സെക്ഷൻ ഓഫീസർ